# കൊച്ചുമുക്കാം പെണ്ണുകെട്ടാം
# *ശവമടക്ക്* വേണ്ടേ വേണ്ട!

**സഖറിയാജേക്കബ്**

**ഈ** അടുത്തകാലത്തു കണ്ടുവരുന്ന ഒരു വലിയ വിശ്വാസവിഷയമാണിത്. ശവമടക്കിലാണ് ഈയിടെയായി പലരുടെയും വിശ്വാസം ആഴമായി പ്രതിഫലിച്ചുകാണുന്നത്. കക്ഷിഭിന്നത എന്ന *യക്ഷിയുടെ രക്തമൂറ്റലിന് ഭാരതത്തിന്റെ പരമോന്നതനീതിപീഠം പല തവണയായി ഒരു ഉച്ചാടനവും ബന്ധനവും നടത്തി തളയ്ക്കാൻ* കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ചില ഉഗ്രരക്ത രക്ഷസ്സുകൾ അമ്പിനും വില്ലിനും അടുക്കുന്നില്ല. അവരെ തളയ്ക്കാൻ നീതിപീഠവും ഭരണകൂടവും നടത്തുന്ന *പരിശ്രമങ്ങളും ഉപായ... അല്ല ഉപസമിതികളും* പരാജയപ്പെടുന്നോ എന്ന ആശങ്ക സാധാരണക്കാരായ വിശ്വാസികൾക്കും അതിലുപരി നീതിന്യായത്തിൽ വിശ്വസിക്കുന്ന ഏതൊരു ഭാരതപൗരനുമുണ്ട് എന്നതിൽ തർക്കമില്ല. എങ്ങനെയെങ്കിലും ഈ ഉച്ചാടനഹോമക്കളത്തിലേക്ക് യക്ഷിയെ ഒന്നെത്തിക്കുവാൻ പ്രമുഖവ്യക്തികളും സംഘടനകളും പ്രത്യക്ഷത്തിലും പരോക്ഷത്തിലും അധ്വാനിക്കുന്നുണ്ട്, പക്ഷേ എന്തോ എവിടെയോ ഒരു വിഘ്നം കാണുന്നു. അതിനിപ്പോ പാഴൂരു പോണോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു.

കൃത്യമായി വിധിന്യായം ലഭിച്ച പള്ളികളിലും ഇപ്പോൾ ഉയർന്നു കേൾക്കുന്നത് *ശവമടക്കിലെ വിശ്വാസതീക്ഷ്ണതയെക്കുറിച്ചാണ്*. ഭരണകൂടവും ചോദിച്ചു, *നിങ്ങൾക്ക് പെണ്ണു കെട്ടിക്കാം കൊച്ചു മുക്കാം ശവമടക്കിന് മാത്രം വിശ്വാസവിഷയം. ഇതെങ്ങനെ അംഗീകരിക്കാൻ കഴിയും?* ശരിയല്ലേ ചോദിച്ചത്. വടക്കൻപ്രദേശങ്ങളിൽ ആണല്ലോ യക്ഷിശല്യം കൂടുതൽ. ഇവിടെതന്നെയാണ് ഏറ്റവും കൂടുതൽ കൊച്ച്മുക്ക് പെണ്ണ്കെട്ട് അനുരഞ്ജനം നടക്കുന്നതും. *കോതമംഗലംപള്ളിയിൽ മുങ്ങിയ ഒരു ബേസിലോ യൽദോയോ ഇല്ലാത്ത കുടുംബം വിരലെണ്ണാനേ കാണൂ. അതുപോലെതന്നെ പരുമലയിൽ മുങ്ങിയ ഗ്രിഗറിയോ വർഗീസോ ഇല്ലാത്ത കുടുംബങ്ങളും*. കല്യാണത്തിന്റെ കാര്യവും വിഭിന്നമല്ല. എറ്റവും കൂടുതൽ സ്നേഹസംവേദനം കാണാൻ കഴിയുന്നത് മധുരം വയ്പ്പിനാണ് (കല്യാണതലേന്ന് വടക്കൻ പ്രദേശങ്ങളിൽ നടത്തുന്ന ഏതിരേൽപ്പു ചടങ്ങ്) രണ്ടു കൂട്ടത്തിലെയും അച്ചന്മാരും മെത്രാച്ചന്മാരും എത്ര ഐക്യത്തിലാണ് ശുശ്രൂഷ നടത്തുന്നതും മേശ കഴിക്കുന്നതും... ആഹാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര മനോഹരം. എന്നാൽ പിറ്റേ ദിവസം ഒരു മരണം വന്നാൽ അതു *ഞങ്ങടെ അച്ചൻ, ഞങ്ങടെ വിശ്വാസത്തിൽ, ഞങ്ങടെ പള്ളിയിൽ, ഞങ്ങൾ അടക്കും. ഇതു ഞങ്ങടെ വിശ്വാസത്തിന്റെ കാര്യം*. എന്തൊരു വിരോധാഭാസം. യഥാർത്ഥത്തിൽ ഇതു ശവം വച്ചു വില പേശി ചൂഷണം ചെയ്യലല്ലേ. വേർപാടിന്റെ വേദനയിലിരിക്കുന്നവരെ മുതലെടുത്ത് അവകാശമോ അധികാരമോ ഇല്ലാത്ത ഇടത്തു കൊണ്ടുപോയി, *ഉന്തും തള്ളും നടത്തി, മതിലും വേലിയും ചാടി, കണ്ടോന്റെ കുഴിയിൽ കൊണ്ടുപോയി കുഴിച്ചിടുന്നതിന്റെ* ഉദ്ദേശ്യം മറ്റൊന്നുമല്ല, അവർ ഞങ്ങളെ തടഞ്ഞു, മൃതദേഹത്തോട് അനാദരവു കാണിച്ചു എന്നെല്ലാം വിലപിച്ച് പൊതുജനപ്രീതി പിടച്ചുപറ്റി സത്യത്തിന്റെ ഒപ്പം നിൽക്കുന്നവരെ സമൂഹത്തിൽ കുറ്റക്കാരും അപഹാസ്യരുമാക്കുക എന്ന ഗൂഢോദ്ദേശ്യമാണ് ഇതിന്റെ പുറകിൽ എന്നത് അല്പം അക്ഷരാഭ്യാസമുള്ള ആർക്കും മനസ്സിലാകുന്നതാണ്. കാരണം എല്ലാ ആദരവോടും പൂർണ്ണ ശുശ്രൂഷയോടും കൂടി മൃതസംസ്കാരം നടത്താൻ പള്ളിയുടെ യഥാർത്ഥ അവകാശികളും വികാരിയും തയ്യാറാണ്. പക്ഷേ ഞങ്ങൾ തയ്യാറല്ല, കാരണം *നിങ്ങൾ മുടക്കപ്പെട്ടവരാണ്*. ഈ *മുടക്കപ്പെട്ട കത്തനാരിൽ നിന്ന് മാമോദീസാ മുങ്ങി കല്യാണവും നടത്തി ഇളയ കൊച്ചിനെയും മുക്കിയവനാണ് ഈ ഗർജനം നടത്തുന്നത്*. കാരണം ഇത് അവിശ്വാസത്തിന്റെ... ക്ഷമിക്കണം, വിശ്വാസത്തിന്റെ കാര്യമാണ്. അവിടെ സമവായത്തിന് സാധ്യതയില്ല. തലമുറതലമുറ കൈമാറിവന്ന അമ്മയെ മറക്കൽ കാത്തുസൂക്ഷിക്കണമല്ലോ!

സഭയുടെ ചരിത്രത്തിൽ ശീമക്കാരൻ വിലപേശിയത് *മേല്പ്പട്ടവും മൂറോനും* വച്ചാണ്. പറയാനെങ്കിലും അല്പം അന്തസുണ്ട്. ഇതിപ്പോ *ശ്രേഷ്ഠകാ തൊലിക്കന്റെ* കാലമായപ്പോഴേക്കും ശവത്തിലേക്കു അധഃപതിച്ചല്ലോ എന്നോർക്കുമ്പോൾ സങ്കടം തോന്നുന്നു. *ഏദനിലെ പഴം തിന്നുന്ന പിതാവറിഞ്ഞാൽ* കളിയാക്കും സഹോദരങ്ങളേ. അതുകൊണ്ട് ശൈലി ഒന്നു മാറ്റി പടിച്ചാൽ ചിലപ്പോൾ കുറേക്കൂടി മൈലേജ് ലഭിക്കും. കാളിദാസകലാകേന്ദ്രത്തിന്റെ സ്ഥിരനാടകവേദി പോലെ ഇത്രയും നാൾ *പാ വിരിയെടാ മക്കളെ, ഞാനിരിക്കാം* ആയിരുന്നു. ഓർമ്മ മങ്ങിത്തുടങ്ങിയതുകൊണ്ടാണെന്നു തോന്നുന്നു മുഖ്യനായകൻ ഇപ്പോ പിന്നണിയിലാണ്. തട്ടേക്കേറിയാൽ ഡയലോഗ് തെറ്റിപ്പോകരുതല്ലോ. എങ്ങാനും തെറ്റിപ്പോയാൽ പിന്നെ *ആർപ്പ്വിളിയുടെ താളവും രീതിയും* ഒക്കെ മാറും. അതു മുഖ്യനടന് കൃത്യമായി അറിയാം. കാരണം വാത്സല്യ മക്കൾ പഠിച്ചതേ പാടൂ. എന്തായാലും ഒന്നുറപ്പാണ്. ഇതിൽ *വിശ്വാസ*

*ത്തിന്റെ കാര്യം ലവലേശം ഇല്ല*. ഈ കളി കൈവിട്ട സ്ഥിതിയ്ക്ക് ഇനി ഈ യക്ഷിയെ പോറ്റി വളർത്തണമെങ്കിൽ ഏതെങ്കിലും പുതിയ  കാഞ്ഞിര പാല വൃക്ഷങ്ങൾ കണ്ടെത്തുക. *മിക്കവാറും അതിനു മുമ്പേ യക്ഷി തളയ്ക്കപ്പെടുക തന്നെ ചെയ്യും...*

*പിൻകുറിപ്പ് 1976-86 കാലത്ത് ചാത്തമറ്റത്തുനിന്നും മറ്റും ശവശരീരങ്ങൾ ഇടവകപ്പള്ളിയിൽ അടക്കാൻ സമ്മതിക്കാതെ കൊച്ചു പാമ്പാക്കുടയ്ക്കും മറ്റും ഓടിച്ചതൊക്കെ ശവത്തോടുള്ള അനാദരവല്ലായിരുന്നു. ഈ അടുത്ത കാലത്ത് പിറവത്ത് വികാരിമാർ വീട്ടിൽനിന്നെടുപ്പിച്ചു കൊണ്ടുവന്ന വൈദികന്റെ പിതാവിന്റെ ശരീരം അടക്കാൻ സമ്മതിക്കാതിരുന്നതും വരിക്കോലി പള്ളിയിൽ മതിലുചാടി കുഴിമാറി കുഴിച്ചിട്ടതും അന്ത്യോക്യാ വിശ്വാസസംരക്ഷണമായിരുന്നു. ഇപ്പോൾ അന്ത്യോക്യ വിട്ട് ശവക്കോട്ട വിശ്വാസസംരക്ഷണമായി.*

❑